**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.2032/AD.A V 5/2018/എ ഡി എ 5 തീയതി: 13.07.2021

**<u>വിജ്ഞാപനം</u>**

**<u>അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ</u>** <u>(താൽക്കാലിക കരാർ നിയമനം)</u>

മഹാത്മാഗാന്ധി സർവകലാശാലയിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നിലവിലുള്ള താഴെപ്പറയുന്ന തസ്തികയിലേക്ക് 179 ദിവസത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

തസ്തിക : **അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ**

ഒഴിവ് : 1 (ഓപ്പൺ)

യോഗ്യത : എം.എസ്.സി. കെമിസ്ട്രി/ ഫിസിക്സ്/ ഇലക്ട്രോണിക്സ്

അല്ലെങ്കിൽ

ബി.ടെക്/ എം.ടെക് ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിങ്ങ്

വേതനം : പ്രതിമാസം 20,000/-രൂപ സഞ്ചിത നിരക്കിൽ

വയസ് : 01.01.2021 ൽ 36 വയസ്സ് കവിയരുത്. (പട്ടികജാതി, പട്ടികവർഗ, പിന്നാക്കവിഭാഗക്കാർക്ക് ഉയർന്ന പ്രായ പരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കുന്നതാണ് .)

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന നിശ്ചിത അപേക്ഷാഫോറം ഡൗൺ ലോഡ് ചെയ്ത് പൂരിപ്പിച്ച് ada5@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് **16.07.2021 തീയതിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.** <u>Application for the post of Analytical Instrument Technician</u> എന്ന് സബ്ജക്റ്റ് ഹെഡ് കൊടുത്തായിരിക്കണം ഇ-മെയിലിൽ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷക്കൊപ്പം പ്രായം (എസ്.എസ്.എൽ.സി.), തസ്തിക വിദ്യാഭ്യാസ യോഗ്യതയുടെ ബിരുദ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ എന്നിവ കൂടി സമർപ്പിക്കണം. പ്രാഥമികമായി യോഗ്യരായ ഉദ്യോഗാർത്ഥികളെ **22/7/2021 ഉച്ചക്ക് ശേഷം 3 മണി മുതൽ നടക്കുന്ന ഓൺലൈൻ അഭിമുഖത്തിൽ** പങ്കെടുപ്പിക്കുന്നതാണ്. ടി ഓൺലൈൻ അഭിമുഖത്തിലെ പ്രവേശനം തികച്ചും താൽക്കാലികമായിരിക്കും. റാങ്ക് പട്ടികയിൽ ഉൾപ്പെടുത്താൻ പരിഗണിക്കുന്ന ഉദ്യോഗാർത്ഥികൾ വ്യക്തിഗത/വിദ്യാഭ്യാസ രേഖകളുടെ അസ്സൽ/ ശരിപകർപ്പുകൾ നിർദ്ദേശാനുസരണം സർവ്വകലാശാലയിൽ പിന്നീട് സമർപ്പിക്കേണ്ടതാണ്. മേൽപറഞ്ഞ തിയതിക്ക് ശേഷം ലഭിക്കുന്നതും, അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. ടി തസ്തികയിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥി സർവ്വകലാശാലയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

പകർപ്പ്:

1. പബ്ലിക് റിലേഷൻസ് ഓഫീസർ
2. നോട്ടീസ് ബോർഡ്
3. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

Draft #36 of File 2032/AD.A V 5/2018/AD A V Approved by Registrar on 13-Jul-2021 04:22 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം